ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) 1998 മുതലുള്ള പ്രൊമോഷണൽ ഡിഗ്രി പ്രോസ്പെക്ടസിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാണെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും അത് നടപ്പിലാക്കിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 22-12-2006-ലെ GO(MS)272/06/H &FWD ഉത്തരവു പ്രകാരം ഗ്രാമീണ സേവനം നിർബന്ധമാക്കി നടപ്പിലാക്കിയത്.

(ബി) എഴുന്നൂറോളം ഡോക്ടർമാർ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുകയും അവരെ ഗ്രാമീണസേവനത്തിനായി നിയോഗിക്കുകയും ചെയ്യാറുണ്ട്.

(സി) ഗ്രാമീണ സേവനം ചെയ്യാത്ത ഡോക്ടർമാരിൽനിന്ന് പിഴയായി 5,00,000 രൂപ ഈടാക്കുന്നതും അവർക്കെതിരെ 2002-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ റെഗുലേഷൻ വ്യവസ്ഥകളനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരാജരാകാത്ത ഡോക്ടർമാർക്കെതിരെ മുകളിൽപ്പറഞ്ഞ പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുമ്പോൾ അവർ ജോലിക്ക് പരാജരാവുകയും ശിക്ഷണ നടപടികളിൽനിന്ന് ഒഴിവാകുകയും ചെയ്യാറുണ്ട്.

(ഡി) ഇതു സംബന്ധിച്ച കണക്കുകളെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയിട്ടില്ല.

(ഇ) ഗ്രാമീണ മേഖലയിലെ ആതുരാലയങ്ങളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

ഭൂഗർഭ ജല ചൂഷണം

23 (*683) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭജല ചൂഷണം കുറയ്ക്കണമെന്ന നിർദ്ദേശം നടപ്പാക്കാത്ത കഞ്ചിക്കോട്ടെ പെപ്സി കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രതിദിനം ഇവിടെ എത്ര ഭൂഗർഭ ജലമാണ് കമ്പനി ഉപയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇത് എത്ര റിറ്ററായി കുറയ്ക്കണമെന്നാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത നിർദ്ദേശം കമ്പനി നടപ്പിലാക്കാത്തതിന് കാരണമെന്ത് ;

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി നിർദ്ദേശം വന്നിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ജി) ഇവിടെ ഭൂഗർഭ ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കുന്നതിന് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് കമ്പനിക്ക് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) പെപ്സി കമ്പനിയുടെ അമിതജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ചുള്ള സബ്ജക്ട് കമ്മിറ്റി III-ന്റെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കഞ്ചിക്കോട്ടെ പെപ്സി കമ്പനിയുടെ ഭൂജല ഉപയോഗം പ്രതിദിനം 5-6 ലക്ഷം ലിറ്ററാണ് എന്ന് ഭൂജല വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

(സി) നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി പ്രതിദിനം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) നിയമസഭ സമിതിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ് .

(ഇ) പെപ്സി കമ്പനി എടുക്കുന്ന ഭൂജലത്തിന്റെ പരമാവധി അളവ് പ്രതിദിനം 2.34 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭൂജലത്തിന്റെ പരമാവധി അളവ് 2.34 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തുവാൻ ഭൂജല വകുപ്പ് ഡയറക്ടർ കമ്പനിക്ക് നിർദ്ദേശം നൽകി. പ്രസ്തുത നിർദ്ദേശത്തിനെതിരെ 23-4-2010-ൽ പെപ്സി കമ്പനി, ചീഫ് സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(c) No.20693/10 കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി, കമ്പനിയെ നേരിൽ കേട്ടശേഷം ആറാഴ്ചക്കകം തീരുമാനങ്ങൾ എടുക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(എഫ്) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ജി) അമിത ജല ഉപഭോഗം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന ശുപാർശകൾ സബ്ജക്ട് കമ്മിറ്റി III നിർദ്ദേശിച്ചിട്ടുണ്ട്.

1. ശുപാർശ 34 പെപ്സി ഉപയോഗിക്കുന്ന ഭൂജലത്തിന്റെ അളവ് നിരീക്ഷിക്കുന്നതിനുവേണ്ടി പമ്പിംഗ് സൈറ്റുകളിൽ സ്കാഡാ ടെലി മെട്രി സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ശുപാർശ 38 കമ്പനിയുടെ കുഴൽക്കിണറിന്റെ ഡെലിവറി പൈപ്പിൽ ഫ്ലോമീറ്റർ ഘടിപ്പിക്കുവാനും ഓരോ പമ്പിനും പ്രത്യേകം എനർജി മീറ്റർ ഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

24 (*684) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. വി. ശിവൻ കുട്ടി :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനതലത്തിലും ദേശീയ തലത്തിലുമുള്ള കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള പല കായിക താരങ്ങളും തൊഴിൽ ലഭിക്കാതെ കഷ്ടപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കായിക താരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സ്പോർട്സ് ക്വാട്ടാ നിയമന ഒഴിവുകൾ 2009 മുതൽ പ്രതിവർഷം 20 എന്നതിൽ നിന്നും 50 ആക്കി ഉയർത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പുനഃസ്ഥാപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി, ടൈറ്റാനിയം എന്നിവയിൽ സ്പോർട്സ് ക്വാട്ടാ നിയമനം ആരംഭിച്ചിട്ടുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly